ഫാം ടൂറിസം

8 (*158)ശ്രീ. ജോർജ്ജ് ജെ. മാത്യൂ :
ശ്രീ. എം. മുരളി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനും പ്ലാന്റേഷൻ കോർപ്പറേഷനും സംയുക്തമായി ഫാം ടൂറിസം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് എപ്രകാരമാണ്;

(ഡി) ഇതിനുവേണ്ട നിയമനം നടത്തുന്നതിനുള്ള അധികാരം സ്വകാര്യ മാൻപവർ ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസികൾ ഏതെല്ലാമാണ്;

(ഇ) ഈ നിയമനം സംബന്ധിച്ച വിശദാംശം നൽകുമോ;

(എഫ്) ഈ നിയമനത്തിന് റിസർവേഷൻ തത്വം ബാധകമാണോ;

(ജി) നിയമിക്കപ്പെടുന്നവർക്ക് ശമ്പളം നല്കുന്നത് ആരാണ്?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

(എ) കേരള വിനോദസഞ്ചാര വികസന കോർപ്പറേഷനും (കെ.റ്റി.ഡി.സി.) പ്ലാന്റേഷൻ കോർപ്പറേഷനുമായി സഹകരിച്ച് ഒരു ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച നടന്നുവരുന്നു.

(ബി) തുടക്കത്തിൽ ആതിരപ്പള്ളിയിൽ പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലത്ത് ഹോട്ടൽ മുറികളും മറ്റ് അതിഥി സർക്കാർ സംവിധാനങ്ങളും ഏർപ്പെടുത്തി വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല. പ്രസ്തുത സംവിധാനങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷൻ സജ്ജീകരിക്കുകയും അതിന്റെ നിർവഹണം, സംവിധാനം കെ.റ്റി.ഡി.സി. നടത്തുകയും ചെയ്യുക എന്നതാണ് ആലോചനയിലുള്ള കാര്യം.

(സി-ജി) കെ.ടി.ഡി.സി. ഇതു സംബന്ധമായി തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

മാതൃ-ശിശുസംരക്ഷണ പദ്ധതി

9 (*159) ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാതൃ-ശിശു സംരക്ഷണ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണെന്നു വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി വിദേശ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ഏതെങ്കിലും മാതൃശിശു സംരക്ഷണ പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ)

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും

(സി) എല്ലാ ജില്ലകളിലും ഇപ്പോൾ തന്നെ ഇൻഡ്യ ഗവൺമെന്റ് പദ്ധതിയനുസരിച്ച് മാതൃശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ഡി) പ്രജനന ശൈശവ ആരോഗ്യ പദ്ധതിക്ക് വിദേശ സഹായം ഇൻഡ്യാ ഗവൺമെന്റ് വഴി ലഭിക്കുന്നുണ്ട്. പ്രജനന ശൈശവ ആരോഗ്യ പദ്ധതിക്ക് മുഖ്യമായും ലോകബാങ്കാണ് ധനസഹായം ലഭ്യമാക്കുന്നത്. കൂടാതെ യൂറോപ്യൻ കമ്മീഷൻ, യൂനിസെഫ്, യു.എൻ.എഫ്.പി.എ എന്നീ അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്.

(ഇ) മാതൃശിശു സംരക്ഷണ പദ്ധതിയിൽ പ്രത്യേകിച്ച് പദ്ധതികൾ ഇല്ല. എന്നാൽ പ്രജനന ശൈശവ ആരോഗ്യ പദ്ധതിയിൽപ്പെടുത്തിയ പദ്ധതികൾ ഇൻഡ്യാ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(എഫ്) പ്രജനന ശൈശവ ആരോഗ്യ പദ്ധതിയിൽ ഐ.പി.ഡി പ്രജനന ശൈശവ ആരോഗ്യ പദ്ധതി ഉപപദ്ധതികൾ കോഴിക്കോട് സിറ്റി, പാലക്കാട് എന്നിവയ്ക്ക് ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി ഉപപദ്ധതികൾ ഇൻഡ്യാഗവൺമെന്റിന്റെ പരിഗണനയിലാണ്. കൊല്ലം ജില്ലയിൽ യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കാൻ ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly